**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5630** **13-08-2021 - ല്‍ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജ് പ്രകാരമുള്ള പദ്ധതികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ഡോ. മാത്യു കുഴല്‍നാടന്‍,<br>ശ്രീ പി സി വിഷ്ണുനാഥ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് പാക്കേജ് പ്രകാരം ജലവിഭവ വകുപ്പ് വഴി എന്തൊക്കെ പദ്ധതികളാണ് കഴിഞ്ഞ സര്‍ക്കാര്‍ നടപ്പിലാക്കിയതെന്ന് അറിയിക്കുമോ; | (എ) | ജലസേചന വകുപ്പിനു കീഴില്‍ ഇന്‍ലാന്‍ഡ് നാവിഗേഷന്‍ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴില്‍ എം.എസ്. സ്വാമിനാഥന്‍ ഫൗണ്ടേഷന്റെ നിര്‍ദ്ദേശമനുസരിച്ച് കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികള്‍ 2010-2011 മുതല്‍ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളില്‍ ഉള്‍പ്പെടുത്തി കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വന്ന കെഇഎല്‍-2, കെഇഎല്‍-3, കെഇഎല്‍-4 എന്നീ പദ്ധതികളും കുട്ടനാട് താലൂക്കിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള പാടശേഖരങ്ങളുടെ പുറംബണ്ട് നിര്‍മ്മാണവും അനുബന്ധ പ്രവൃത്തികളും, തണ്ണീര്‍മുക്കം ബണ്ട്, തോട്ടപ്പള്ളി സ്പില്‍വേ എന്നിവയുടെ നവീകരണ പ്രവൃത്തികളുമാണ് കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് നടപ്പിലാക്കി പൂര്‍ത്തീകരിച്ചത്. കൂടാതെ 2018-2019 കാലയളവിലുണ്ടായ മഹാപ്രളയത്തെ തുടര്‍ന്ന് നാശോന്മുഖമായ ബണ്ടുകളുടെയും അനുബന്ധ നിര്‍മ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികളും തോടുകളില്‍ നിന്ന് എക്കലും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തികളും SDRF ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ 2019-20 കാലയളവില്‍ ബഡ്ജറ്റില്‍ പ്ലാന്‍ സ്കീമില്‍ ഉള്‍പ്പെടുത്തി 32 കോടി രൂപയുടെയും 2020-21 കാലയളവില്‍ പ്ലാന്‍ സ്കീമില്‍ ഉള്‍പ്പെടുത്തി 17.40 കോടി രൂപയുടെയും NABARD സ്കീമിലുള്‍പ്പെടുത്തി 29.10 കോടി രൂപയുടെയും വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികള്‍ കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് ആരംഭിച്ച് നടപ്പിലാക്കി വരുന്നു. കുട്ടനാടിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായി രണ്ട് പ്രധാന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. 1) |

ഘട്ടം 1: 13-ാം ധനകാര്യകമ്മീഷനിൽ 28.12.2013 ൽ 70 കോടി രൂപയുടെ ഭരണാനുമതി നൽകിയ പ്രവർത്തിയിൽ നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽ നിന്നും മാമ്പുഴക്കരി വരെയുള്ള 800 എം.എം എച്ച്.ഡി.പി.ഇ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലേക്ക് ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പള്ളിക്കൂട്ടുമ്മ മുതൽ കാവാലം വരെ സ്ഥാപിച്ചിട്ടുള്ള 315 എം.എം, 225 എം.എം പൈപ്പ് ലൈനുകൾ ട്രയൽ റൺ നടത്തിയിട്ടുണ്ട്. കിടങ്ങറയിൽ നിന്നും നീലംപേരൂർ വരെ 500എം.എം, 200 എം.എം എച്ച്.ഡി.പി.ഇ പൈപ്പ് ലൈനുകളും, എടത്വായിൽ നിന്നു വീയപുരം വരെ 355എം.എം, 200 എം.എം എന്നീ പൈപ്പ് ലൈനുകളും സ്ഥാപിച്ചിട്ടുള്ളതാണ്. 4.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി തകഴിയിൽ നിർമ്മിക്കുകയും, തകഴി 62 എം.എൽ.ഡി ശുദ്ധീകരണശാലയിൽ പമ്പ് ഹൗസ് നിർമ്മിച്ച്, പമ്പ് സെറ്റുകൾ സ്ഥാപിച്ച് ടി ജലസംഭരണി കമ്മീഷൻ ചെയ്യുകയും നിലവിൽ തകഴിയിലുള്ള വിതരണശൃംഖലയുമായി കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തകഴി, നീലംപേരൂർ, എടത്വാ, വെളിയനാട്, മുട്ടാർ, തലവടി എന്നീ പഞ്ചായത്തുകൾക്കായി 46 കി.മീറ്റർ വിതരണ ശൃംഖലസ്ഥാപിക്കേണ്ടതിൽ 36 കി.മീറ്റർ സ്ഥാപിച്ച് ശേഷിക്കുന്നവ പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടുകൂടി ആഗസ്റ്റ് 15 ന് ശേഷം ആരംഭിച്ച് നവംബറിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2)ഘട്ടം-2.-കിഫ്ബി ധനസഹായത്തോടു കൂടി കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി. കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25/06/2019ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പാ നദി സ്രോതസ്സ് ആയുള്ള ഈ പദ്ധതിയ്ക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജല സംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും, 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായുള്ളത്. പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടിയുള്ള

| | | | |
|---|---|---|---|
| | | | സ്ഥലം ഏറ്റെടുക്കുന്നതിന് ബഹു. ജില്ലാ കളക്ടർ ആലപ്പുഴ, LAO ആയി തഹസിൽദാർ, കിഫ്ബി, കായംകുളത്തിനെ നിയമിച്ച് സ്ഥലം ഏറ്റെടുക്കൽ തുടർ നടപടികളായ സോഷ്യൽ ഇംപാക്റ്റ് അസസ്സ്മെൻറ് പഠനം നടത്തുകയും, എക്സ്പർട്ട് കമ്മിറ്റിയുടെ യോഗം 06/08/2021ൽ ചേരുകയും ചെയ്തു. പദ്ധതിയുടെ എസ്റ്റിമേറ്റുകളെല്ലാം തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് പണികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കുട്ടനാട്ടിലെ കടിവെള്ള ക്ഷാമം പരിഹരിക്കാൻ പ്രസ്തുത പദ്ധതികൾക്ക് സാധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | 13-ാം ധനകാര്യകമ്മീഷനിൽ സ്ഥാപിച്ച നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽ നിന്നും മാമ്പുഴക്കരി വരെയുള്ള 800 എം.എം.എച്ച്.ഡി.പി.ഇ പൈപ്പ് ലൈൻ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലായി ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. തകഴിയിൽ നിർമ്മിച്ചിരിക്കുന്ന 4.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി കമ്മീഷൻ ചെയ്യുകയും നിലവിൽ തകഴിയിലുള്ള വിതരണ ശൃംഖലയുമായി കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജലലഭ്യത കുറവായതിനാലും, വിതരണ ശൃംഖല ഇല്ലാത്തതിനാലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതി പൂർത്തിയായാൽ മാത്രമേ ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച പൈപ്പ് ലൈനുകളിൽ പൂർണ്ണതോതിൽ ജലവിതരണം നടത്താൻ സാധിക്കുകയുള്ളൂ. |
| (സി) | പാടശേഖരത്തിലെ പുറംബണ്ട് സംരക്ഷണം, ഓണാട്ടുകര നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണം, തണ്ണീർമുക്കം ബണ്ട് നവീകരണം, തോട്ടപ്പള്ളി സ്പിൽവേ നവീകരണം എന്നിവയ്ക്കായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | 2018-2019 കാലയളവിലുണ്ടായ മഹാപ്രളയത്തെ തുടർന്ന് നാശോന്മുഖമായ ബണ്ടുകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികളും തോടുകളിൽ നിന്ന് എക്കലും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തികളും SDRF ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ 2019-20 കാലയളവിൽ ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 32 കോടി രൂപയുടെയും 2020-21 കാലയളവിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 17.40 കോടി രൂപയുടെയും NABARD സ്കീമിലുൾപ്പെടുത്തി 29.10 കോടി രൂപയുടെയും വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് നടപ്പിലാക്കി വരുന്നു. ഓണാട്ടുകര നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണം കുട്ടനാട് പാക്കേജ് ഒന്നാംഘട്ടത്തിലുൾപ്പെടുത്തി 2013-2014 ൽ തുടങ്ങുകയും കേന്ദ്രാവിഷ്കൃത പദ്ധതിയായ കെഇഎൽ4 ൽ നടപ്പിലാക്കി വരികയും പ്രസ്തുത പദ്ധതി 31.12.2019 ന് പൂർത്തീകരിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളതാണ്. 5 നീർത്തടങ്ങളിലായി 21 പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത്. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണത്തിനായി കേന്ദ്രഗവൺമെന്റിൽ നിന്നും തുക ലഭിച്ചിട്ടില്ലെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ പ്രാധാന്യം ഉൾക്കൊണ്ട് സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് തണ്ണീർമുക്കം ബാരേജ് മൂന്നാംഘട്ട നിർമ്മാണം നടപ്പിലാക്കി ഗതാഗതത്തിന് തുറന്ന് കൊടുക്കുവാനും സാധിച്ചിട്ടുണ്ട്. 2018 ലെ പ്രളയാനന്തരം കേരള സർക്കാർ ആവിഷ്കരിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി ‘റൂം ഫോർ റിവർ’ പദ്ധതിയിൽ തോട്ടപ്പള്ളി സ്പിൽവേ ലീഡിംഗ് ചാനൽ നവീകരണം, എസി.കനാലിന്റെ 2 ഉം 3ഉം റീച്ചുകളുടെ നവീകരണം എന്നിവയും കുട്ടനാട് പാക്കേജ് രണ്ടാംഘട്ടത്തിലുൾപ്പെടുത്തി നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനു മുന്നോടിയായി വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. ഹൈഡ്രോ ഡൈനാമിക് പഠനം നടത്തുന്നതിനായി ചെന്നൈ ഐ.ഐ.റ്റി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരിൽ നിന്നും വിശദമായ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ